**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1981** **20-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരശ്രീ പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരശ്രീ പോർട്ടലിന്റെ പ്രവർത്തനം വിശദമാക്കാമോ; ക്ഷീര കർഷകർക്ക് പ്രസ്തുത പോർട്ടൽ വഴി എന്തെല്ലാം പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | സർക്കാർ സേവനങ്ങൾ വിരൽതുമ്പിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ക്ഷീരവികസന വകുപ്പ് 'ക്ഷീരശ്രീ പോർട്ടൽ' എന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കിയത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന വകുപ്പുകളായ ട്രഷറി, റവന്യൂ, പൊതുവിതരണം എന്നീ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് പരിപൂർണ്ണമായും ഓൺലൈൻ ആയാണ് പദ്ധതി നിർവ്വഹിക്കുന്നത്.<br><br>ക്ഷീരവികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത പദ്ധതികളിലും ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് 'ക്ഷീരശ്രീ പോർട്ടൽ' മുഖേനയാണ്. പദ്ധതിയ്ക്കായുള്ള അപേക്ഷ സമർപ്പണം മുതൽ ബില്ല് മാറി ധനസഹായ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് വരെയുള്ള എല്ലാ നടപടികളും പ്രസ്തുത ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ സുതാര്യതയോടും, കാര്യക്ഷമതയോടും, സമയബന്ധിതമായും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നു.<br><br>ക്ഷീരകർഷകർക്ക് തങ്ങളുടെ മൊബൈൽ ഫോണിലൂടെയോ, ലാപ്പ് ടോപ്പിലൂടെയോ, സമീപത്തുള്ള അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അനായാസം ഓൺലൈൻ മുഖേന സേവനം ലഭ്യമാക്കുന്നതിനാൽ പലതവണ ഓഫീസിൽ ഹാജരാകേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. ഓരോ പദ്ധതിയ്ക്കും സർക്കാർ അംഗീകരിച്ചു നൽകിയ മാർഗ്ഗരേഖയ്ക്ക് വിധേയമായുള്ള ഗുണഭോക്താക്കളെ ഓൺലൈൻ മുഖേന കണ്ടെത്തുന്നതിനാൽ ബാഹ്യ ഇടപെടലുകൾ ഇല്ലാതെ യഥാർത്ഥ കർഷകർക്ക് പദ്ധതികളുടെ നേട്ടം ലഭ്യമാക്കുവാൻ സാധിക്കുന്നു. വളരെയധികം അനായാസവും, സൗകര്യപ്രദവുമായ |

| | | | |
|---|---|---|---|
| | | | ‘ക്ഷീരശ്രീ പോർട്ടൽ’ സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയത്. അപേക്ഷ സമർപ്പണം മുതൽ ധനസഹായ തുക ലഭിക്കുന്നത് വരെയുള്ള നടപടികൾ അനായാസവും സൗകര്യപ്രദവുമായ രീതിയിലുമായതിനാൽ ക്ഷീരകർഷകരെ കൂടുതലായി ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് പ്രസ്തുത പദ്ധതി സഹായകരമാണ്. |

സെക്ഷൻ ഓഫീസർ